I/33321/2022

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം**
വികാസ് ഭവൻ, തിരുവനന്തപുരം-695033
ഇമെയിൽ: cru.agridir@kerala.gov.in, ഫോൺ: 0471-2304481

നം: ADFW/3512/2022-ATMA തീയതി: 16-06-2022

**സർക്കുലർ**

വിഷയം:- വാർഷിക പദ്ധതി 2022-23 കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ -**'കർഷക സഭകളും ഞാറ്റുവേലചന്തകളും'** സംഘടിപ്പിക്കുന്നത് -മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് -സംബന്ധിച്ച്

സൂചന:- 13.06.2022 -ലെ സ.ഉ.(സാധാ) നം. 532/2022/കൃഷി

സൂചന സർക്കാർ ഉത്തരവ് പ്രകാരം 'കാർഷിക വിജ്ഞാനവ്യാപനം ശക്തിപ്പെടുത്തൽ' എന്ന പദ്ധതിയുടെ കീഴിൽ 'കർഷക സഭകളും ഞാറ്റുവേല ചന്തകളും' എന്ന ഘടകത്തിന് 2022-23 സാമ്പത്തിക വർഷം ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

കാർഷികരംഗത്തെ വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിൽ കർഷകരുടെ പങ്കാളിത്തം പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിന് അത്യന്താപേക്ഷിതമാണ്. കർഷകരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ചുകൊണ്ടുള്ള സുതാര്യമായ ആസൂത്രണ പ്രക്രിയ സുസ്ഥിരമായ വികസനം സാദ്ധ്യമാക്കുന്നതാണ്. ഞാറ്റുവേലകളെ അടിസ്ഥാനപ്പെടുത്തിയുള്ള പരമ്പരാഗത കൃഷി രീതി കേരളത്തിന്റെ ഒരു മുതൽക്കൂട്ടാണ്. കർഷക സഭകൾ മുഖേന കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച് കർഷകരിൽ അവബോധം ജനിപ്പിക്കുന്നതിനും, കർഷകർക്ക് ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ലഭ്യത സമയബന്ധിതമായി ഉറപ്പാക്കുന്നതിനുമായി സംസ്ഥാനത്തുടനീളം ഞാറ്റുവേലചന്തകളും കർഷക സഭകളും സംഘടിപ്പിക്കേണ്ടതാണ്. കൃഷി വകുപ്പിന്റെയും കൃഷി ഭവനുകളുടേയും സേവനം ഏറ്റവും താഴെത്തട്ടിൽ ഫലപ്രദമായി എത്തിക്കുക എന്ന ഉദ്ദേശ്യമാണ് കർഷക സഭകൾക്കുള്ളത്. കേരളത്തിലെ വിവിധ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും വസിക്കുന്ന എല്ലാ കർഷകരും ഈ പദ്ധതിയിൽ പങ്കാളികളാകുന്നതാണ്.

അശ്വതി ഞാറ്റുവേല (2022 ഏപ്രിൽ 14, കൊല്ലവർഷം 1197 മേടം 1) മുതൽ തിരുവാതിര ഞാറ്റുവേല (2022 ജൂലൈ 6, 1197 മിഥുനം 22) വരെ നീണ്ടുനിൽക്കുന്ന രണ്ടരമാസക്കാലയളവിലാണ് ഞാറ്റുവേല ചന്തകൾ സംഘടിപ്പിക്കേണ്ടത്. അശ്വതി, ഭരണി, കാർത്തിക, രോഹിണി, മകയിരം, തിരുവാതിര എന്നീ ആറ് ഞാറ്റുവേലകളാണ് ഈ കാലയളവിലുള്ളത്. അശ്വതി ഞാറ്റുവേല മുതൽ തിരുവാതിര ഞാറ്റുവേല വരെയുള്ള കാലയളവിൽ ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ വിൽപ്പന നടത്തുന്നതിനായി ഞാറ്റുവേല ചന്തകൾ ഒരുക്കേണ്ടതാണ്. *പ്രകൃതിയുടെ ഋതുഭേദങ്ങൾ അനുസരിച്ചുള്ള ഞാറ്റുവേല അടിസ്ഥാനമാക്കിയുള്ള കൃഷി രീതി പൌരാണിക പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്.* ***ഇതിൽ തിരുവാതിര ഞാറ്റുവേലയാണ്(2022 ജൂൺ 22, 1197 മിഥുനം 8 മുതൽ 2022 ജൂലൈ 5, 1197 മിഥുനം 21 വരെ) ഏറ്റവും പ്രധാനം.*** *കാർഷിക വിളകൾ നടുന്നതിനും വിത്ത് പാകുന്നതിനും ഈ കാലയളവ് വളരെ ഉത്തമമാണെന്ന് കരുതപ്പെടുന്നു. ഈ സമയത്ത് നടീൽ വസ്തുക്കൾ കർഷകർക്ക് ലഭ്യമാക്കേണ്ടതാണ്.*

വിവിധ സർക്കാർ പദ്ധതികളെ കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനുംമറ്റുമായി കർഷക സഭകൾ 2022 ജൂലൈ 31 വരെ നടത്തേണ്ടതാണ്. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ 2022-23 സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ ആരംഭിച്ചിട്ടുള്ള **"ഞങ്ങളും കൃഷിയിലേക്ക്"** എന്ന ക്യാമ്പയിൻ വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങൾ പരമാവധി ജനങ്ങളിലെത്തിക്കാൻ കർഷക സഭകൾ പ്രയോജനപ്പെടുത്തേണ്ടതാണ്. കൂടാതെ കർഷക സഭകളിൽ പ്രസ്തുത പദ്ധതിക്കായി രൂപീകരിച്ച കർഷക ഗ്രൂപ്പുകളിലെയും ഉത്തമ കൃഷി കുടുംബങ്ങളിലെയും അംഗങ്ങളെയും സ്കൂളുകൾ, അംഗൻവാടികൾ, റെസിഡന്റ്സ് അസോസിയേഷൻ, കുടുംബശ്രീ തുടങ്ങിയ വിവിധ മേഖലകളിലുള്ളവരെയും ക്യാമ്പയിൻ പ്രചരണാർത്ഥം കർഷകസഭകളിൽ ഉൾപ്പെടുത്താവുന്നതാണ്. **കോവിഡ് രോഗ വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ നിലവിലുള്ള സർക്കാർ മാനദണ്ഡങ്ങൾ കർശനമായി പാലിച്ചുകൊണ്ടുവേണം കർഷക സഭകളും ഞാറ്റുവേല ചന്തകളും സംഘടിപ്പിക്കേണ്ടത്.**

**ലക്ഷ്യങ്ങൾ**

- കൃഷി ഭവന്റെ സേവനം താഴെത്തട്ടിൽ ഫലപ്രദമാക്കുക

- കാർഷിക വികസനത്തിലും ആസൂത്രണത്തിലും കർഷകരെ പങ്കാളികളാക്കുക
- കാർഷിക പദ്ധതികൾ സംബന്ധിച്ച് കൃഷിക്കാരെ ബോധവാന്മാരാക്കുക
- ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കുകയും സമയബന്ധിതമായി കൃഷിയിറക്കുവാനുള്ള സാഹചര്യം സൃഷ്ടിക്കുകയും അതുവഴി പരമ്പരാഗത ഞാറ്റുവേലാധിഷ്ഠിത കൃഷി പ്രോത്സാഹിപ്പിക്കുകയും ചെയ്യുക
- പ്രാദേശിക പ്രശ്നങ്ങൾ മനസ്സിലാക്കി അവയ്ക്ക് പ്രായോഗിക പരിഹാരം നിർദ്ദേശിക്കുക

<u>**ഞാറ്റുവേല ചന്തകളും അവ നടത്തുന്നതിനുള്ള നിർദ്ദേശങ്ങളും:**</u>

- ഞാറ്റുവേല ചന്തകൾ മുഖേന ഗുണനിലവാരമുള്ള നടീൽവസ്തുക്കളുടെ വിൽപ്പന നടത്തേണ്ടതാണ്. കൃഷിവകുപ്പ് ഉൽപ്പാദിപ്പിക്കുന്ന നടീൽവസ്തുക്കൾക്ക് മുൻഗണന നൽകേണ്ടതാണ്.
- കൃഷി വകുപ്പ് കാർഷിക സർവ്വകലാശാല, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ, വി.എഫ്.പി.സി.കെ, കർഷക കൂട്ടായ്മകൾ, കാർഷിക കർമ്മസേനകൾ, അഗ്രോ സർവ്വീസ് സെന്ററുകൾ, BLFO നഴ്സറികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ ഉല്പാദിപ്പിക്കുന്ന നടീൽവസ്തുക്കൾ, പച്ചക്കറി വികസന പദ്ധതി പ്രകാരം രൂപീകരിക്കപ്പെട്ട ക്ലസ്റ്ററുകളുടെ നഴ്സറികൾ, കൃഷി വകുപ്പ് സാമ്പത്തിക-സാങ്കേതിക സഹായം നൽകുന്ന നഴ്സറികൾ എന്നിവ ഉൽപാദിപ്പിക്കുന്ന വിത്തുകളും മറ്റ് നടീൽ വസ്തുക്കളുമാണ് ഞാറ്റുവേല ചന്തകൾ മുഖേന വിൽപ്പനയ്ക്ക് സജ്ജമാക്കേണ്ടത്. പ്രാദേശികമായി ആവശ്യമുള്ള നടീൽവസ്തുക്കളുടെ ലഭ്യത ഇപ്രകാരം ഉറപ്പാക്കേണ്ടതാണ്. ഇതിനു പുറമേ, ജൈവ ഉൽപാദനോപാധികൾ, ജൈവ നിയന്ത്രണോപാധികൾ, കീടക്കെണികൾ തുടങ്ങിയവയും ഞാറ്റുവേലചന്തകൾ മുഖേന ലഭ്യമാക്കേണ്ടതാണ്. അതാത് പ്രദേശത്തെ സാധ്യതയും ആവശ്യകതയും പരിഗണിച്ചുള്ള വിത്തുകളുടേയും മറ്റ് നടീൽവസ്തുക്കളുടേയും വിൽപ്പനയാണ് നടത്തേണ്ടത്. **ഇതിന് പ്രത്യേക സബ്സിഡി അനുവദിക്കേണ്ടതില്ല.**
- സർക്കാർ സ്ഥാപനങ്ങളും കൃഷിഭവന്റെ കീഴിലുള്ള ഗ്രൂപ്പുകളും തയ്യാറാക്കിയ ജൈവ ഉൽപാദനോപാധികളും ജൈവ നിയന്ത്രണത്തിനായി ഉപയോഗിക്കുന്ന ട്രൈക്കോഡെർമ്മ, സ്യൂഡോമോണാസ്, VAM, റൈസോബിയം, കീടനിയന്ത്രണ കെണികൾ എന്നിവയുടെയും വിൽപ്പന നടത്താവുന്നതാണ്.
- കർഷകർ പരമ്പരാഗതമായി സംരക്ഷിക്കുകയും കൃഷി ചെയ്യുകയും ചെയ്യുന്ന ഇനങ്ങളുടെ വിൽപ്പനയും പരസ്പര കൈമാറ്റവും (Exchange) ഇതോടൊപ്പം സംഘടിപ്പിക്കാവുന്നതാണ്.
- **സ്വകാര്യ കമ്പനികളുടേയും നഴ്സറികളുടേയും വിത്തുകൾ/തൈകൾ, മറ്റ് നടീൽവസ്തുക്കൾ എന്നിവയുടെ വിൽപ്പന ഞാറ്റുവേല ചന്തകളിൽ അനുവദിക്കേണ്ടതില്ല.**
- നടീൽ വസ്തുക്കൾ വിൽപ്പന നടത്തുവാൻ സാധ്യതയില്ലാത്ത ഇടങ്ങളിൽ ചർച്ചാ ക്ലാസുകൾ സംഘടിപ്പിക്കാവുന്നതാണ്.

<u>**കർഷകസഭ നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ:**</u>

കർഷകസഭകളുടെ നടത്തിപ്പ് സംബന്ധിച്ച് പഞ്ചായത്ത് പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ ഒരു ആലോചനാ യോഗം പഞ്ചായത്ത് അംഗങ്ങൾ, മറ്റ് ത്രിതല പഞ്ചായത്ത് അംഗങ്ങൾ, കാർഷിക വികസന സമിതി അംഗങ്ങൾ എന്നിവരെ പങ്കെടുപ്പിച്ച് നടത്തേണ്ടതും കർഷക സഭയുടെ സമയക്രമം, സ്ഥലം എന്നിവ തീരുമാനിക്കേണ്ടതുമാണ്. കർഷക സഭയുടെ സമയക്രമം ബ്ലോക്ക് അടിസ്ഥാനത്തിൽ ക്രോഡീകരിച്ച് പ്രിൻസിപ്പൽ കൃഷി ഓഫീസർ, ആത്മ പ്രോജക്ട് ഡയറക്ടർ എന്നിവർക്ക് ലഭ്യമാക്കേണ്ടതാണ്.

- ഓരോ കൃഷിഭവനിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ കർഷകസഭ സംഘടിപ്പിക്കേണ്ടതാണ്. വിവിധതലങ്ങളിലുള്ള ജനപ്രതിനിധികളേയും കൃഷിഭവൻതല/ ജില്ലാതല/ സംസ്ഥാനതല കാർഷിക വികസന സമിതി അംഗങ്ങളേയും സഭകളിൽ പങ്കെടുപ്പിക്കേണ്ടതാണ്.
- ഉച്ചയ്ക്ക് മുമ്പോ / ഉച്ചയ്ക്ക് ശേഷമോ ഉള്ള അർദ്ധദിന പരിപാടിയായോ, മുഴുദിന പരിപാടിയായോ കർഷകസഭകൾ സംഘടിപ്പിക്കാവുന്നതാണ്. ഇതേ കാലയളവിൽ പഞ്ചായത്ത്/ മുനിസിപ്പാലിറ്റിതല സഭകൾ/വാർഡ് സഭകൾ നടക്കുകയാണെങ്കിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷന്റെ അനുമതിയോടെ കർഷകസഭകൾ

അതോടൊന്നിച്ച് നടത്താവുന്നതാണ്.

- കർഷകസഭകൾ സംബന്ധിച്ച വിവരം ബഹു. കൃഷി വകുപ്പ് മന്ത്രി എം.പി.മാർ, എം.എൽ.എ.മാർ, കാർഷികോൽപ്പാദന കമ്മീഷണർ എന്നിവരെ അറിയിക്കേണ്ടതും അവരുടെ സാന്നിദ്ധ്യം ഉറപ്പ് വരുത്തുവാൻ ശ്രമിക്കേണ്ടതുമാണ്.
- കൃഷി ഭവനുകളെ സ്മാർട്ട് കൃഷി ഭവൻ ആക്കുന്നതിനും എല്ലാ സേവനങ്ങളും ഓൺലൈനിൽ ലഭ്യമാക്കുന്നതിനും ഉള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി കൃഷി ഭവൻ തലത്തിൽ എല്ലാ കർഷകരെയും രജിസ്റ്റർ ചെയ്യിക്കുക എന്നത് അത്യന്താപേക്ഷിതമാണ്. മാത്രമല്ല നിലവിലെ അടിസ്ഥാന വില പദ്ധതിയിൽ രജിസ്റ്റർ ചെയ്യാത്തത് കാരണം പല കർഷകർക്കും ആനുകൂല്യം നഷ്ടപ്പെടുന്നതായി കാണുന്നു. ആയതിനാൽ കർഷക സഭകൾ മുഖേന പരമാവധി കർഷകരെ രജിസ്റ്റർ ചെയ്യിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. ഒരു കൃഷിഭവനിൽ കുറഞ്ഞത് 100 പുതിയ കർഷകരെ രജിസ്റ്റർ ചെയ്യിക്കേണ്ടതും ഇതിൽ കുറഞ്ഞത് 50 കർഷകരെ അടിസ്ഥാന വില പദ്ധതിയിൽ ചേർക്കേണ്ടതും ആണ്. ഇതിന്റെ റിപ്പോർട്ടും നിർദ്ദിഷ്ട ഫോർമാറ്റിൽ ലഭ്യമാക്കേണ്ടതും ആണ്.
- കർഷകസഭകളിൽ കൃഷി വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ച് കർഷകർക്ക് അവബോധം നൽകുന്നതോടൊപ്പം നിലവിൽ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾക്കുള്ള അപേക്ഷകൾ സ്വീകരിക്കാവുന്നതും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാവുന്നതുമാണ്.
- കൃഷി വകുപ്പ് പദ്ധതികളുടെ നടത്തിപ്പ്, AIMS Portal Registration എന്നിവ സംബന്ധിച്ച ചർച്ചകൾ സംഘടിപ്പിക്കുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്യാവുന്നതാണ്.
- മണ്ണ് പരിശോധനയുടെ പ്രാധാന്യം സംബന്ധിച്ച അവബോധം കർഷകരിൽ സൃഷ്ടിക്കുന്നതിന് ഉചിതമായ മാർഗ്ഗങ്ങൾ സ്വീകരിക്കാവുന്നതാണ്. കർഷകർ കൊണ്ടുവരുന്ന മണ്ണ് സാമ്പിളുകൾ ശേഖരിക്കുന്നതിനും പരിശോധനാ ഫലം കർഷകരിൽ എത്തിക്കുന്നതിനും സംവിധാനം ഒരുക്കേണ്ടതാണ്. സോയിൽ ഹെൽത്ത് കാർഡുകൾ കർഷക സഭകളിൽ വിതരണം ചെയ്യാവുന്നതാണ്. ലഭ്യത അനുസരിച്ച് മൊബൈൽ മണ്ണ് പരിശോധനാ ലാബുകളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.
- കർഷകസഭകൾ സംഘടിപ്പിക്കുന്നതിന് പ്രദേശത്തെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ കർഷകഗ്രൂപ്പുകൾ, കർഷക സംഘടനകൾ, പാടശേഖര സമിതികൾ, പച്ചക്കറി ക്ലസ്റ്ററുകൾ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ എന്നിവയുടെ സഹകരണം തേടാവുന്നതാണ്.
- കർഷകസഭകളെ സംബന്ധിച്ച് മുൻകൂട്ടി പ്രചരണം നടത്തേണ്ടതാണ്. പത്രമാധ്യമങ്ങൾ, ശ്രാവ്യ-ദൃശ്യ-സാമൂഹ്യമാധ്യമങ്ങളുടെ സാധ്യതകൾ ഇതിനായി പ്രയോജനപ്പെടുത്തേണ്ടതാണ്.
- കർഷക സഭകളിൽ ഉയർന്നുവരുന്ന ആശയങ്ങളും നിർദ്ദേശങ്ങളും കൃഷി വകുപ്പിന്റേയും തദ്ദേശസ്വയംഭരണ വകുപ്പിന്റേയും പദ്ധതി രൂപീകരണത്തിന് പ്രയോജനപ്പെടുത്താവുന്നതാണ്.
- കർഷകർക്ക് ആവശ്യമായ ജലസേചന – ജലനിർഗ്ഗമന സൗകര്യങ്ങൾ ഉൾപ്പെടെയുള്ള പശ്ചാത്തല സൗകര്യ വികസനം, മറ്റ് അനുബന്ധ പദ്ധതികൾ എന്നിവയിൽ വിവിധ വകുപ്പുകൾ നടത്തേണ്ട ഇടപെടലുകൾ, ജലസേചന പദ്ധതികൾ കൂടുതൽ ഫലപ്രദമാക്കുന്നതിനുള്ള നടപടികൾ എന്നിവ സംബന്ധിച്ച് കർഷകരുടെ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥരെ / തുതല പഞ്ചായത്ത് അദ്ധ്യക്ഷൻമാരെ അറിയിക്കേണ്ടതാണ്.
- കൃഷി ഡയറക്ടർ, പ്രിൻസിപ്പൽ കൃഷി ഓഫീസർ, ആത്മ പ്രോജക്ട് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർമാർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ, എഞ്ചിനീയർമാർ, മണ്ണ് പരിശോധനാശാലകളിലെ ഉദ്യോഗസ്ഥർ ഉടങ്ങിയ കൃഷി വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥരും ഏതെങ്കിലും കർഷകസഭകളിൽ പങ്കെടുക്കേണ്ടതാണ്.
- മണ്ണ് പര്യവേക്ഷണ-സംരക്ഷണം, ജലസേചനം, മൃഗസംരക്ഷണം എന്നീ വകുപ്പ് ഉദ്യോഗസ്ഥരേയും കർഷകസഭകളിൽ പങ്കെടുപ്പിക്കാവുന്നതാണ്.

- **തദവസരത്തിൽ ആത്മ, ലീഡ്സ്, എസ്.എച്ച്.എം. എന്നീ പദ്ധതികളുടെ സജീവ പങ്കാളിത്തം ഉറപ്പ വരുത്തേണ്ടതാണ്.**

ഞാറ്റുവേല ചന്തകൾ കർഷക സഭയോടനുബന്ധിച്ചോ പ്രത്യേകമായോ നടത്താവുന്നതാണ്. ഒരു കൃഷിഭവന് ഇതിനായി 4000/- രൂപ മാറ്റി വയ്ക്കാവുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി കൂടി ആലോചിച്ച വാർഡ് തലത്തിലും കർഷക സഭ സംഘടിപ്പിക്കാവുന്നതാണ്. ഇതിലേക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനകളുടെയോ, സഹകരണ ബാങ്കുകൾ / മറ്റു ബാങ്കുകളുടെയോ സാമ്പത്തിക സഹായം തേടാവുന്നതാണ്.

**<u>ബ്ലോക്ക്തല റിപ്പോർട്ട് ക്രോഡീകരണം</u>**

കർഷകസഭകളും ഞാറ്റുവേല ചന്തകളും വഴി സംഘടിപ്പിച്ച വിവിധ പ്രവർത്തനങ്ങൾ പ്രത്യേകിച്ചും ചർച്ചാ ക്ലാസുകൾ, നടീൽ വസ്തു/ജൈവ ഉല്പാദനോപാധി/ ജൈവകീട നിയന്ത്രണോപാധികൾ എന്നിവയുടെ വിൽപ്പന പ്രാദേശിക തലത്തിലുള്ള പ്രശ്നങ്ങളും പരിഹാരങ്ങളും, കർഷകരുടെ നിർദ്ദേശങ്ങൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് പഞ്ചായത്ത് തലത്തിലുള്ള റിപ്പോർട്ടുകൾ ക്രോഡീകരിച്ച് ബ്ലോക്ക് അടിസ്ഥാനത്തിൽ റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളേയും കൃഷി അനുബന്ധ മേഖലയിലെ ഉദ്യോഗസ്ഥരെയും പഞ്ചായത്തുതല കർഷക പ്രതിനിധികളെയും പങ്കെടുപ്പിച്ച് ഒരു യോഗം വിളിച്ച ചേർത്ത് കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഈ റിപ്പോർട്ട് അവതരിപ്പിക്കേണ്ടതാണ്. ബ്ലോക്ക്തല യോഗം വിളിച്ച ചേർക്കുന്നതിനും ബ്ലോക്ക്തല റിപ്പോർട്ട് തയ്യാറാക്കുന്നതിനുമായി പദ്ധതിയിൽ 3000/- രൂപ വകയിരുത്തിയിട്ടുണ്ട്. **ഓരോ ബ്ലോക്കിന്റെയും നോഡൽ ഡെപ്യൂട്ടി ഡയറക്ടർമാർ മേൽ പറഞ്ഞ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കേണ്ടതാണ്.**

**<u>ജില്ലാതല റിപ്പോർട്ട് ക്രോഡീകരണം</u>**

ബ്ലോക്ക്തല നിർദ്ദേശങ്ങൾ ജില്ലാതലത്തിൽ ക്രോഡീകരിച്ച് റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ പഞ്ചായത്ത്/ബ്ലോക്ക് തല ജനപ്രതിനിധികൾ, കർഷക പ്രതിനിധികൾ, ജില്ലാതല കാർഷിക വികസന സമിതി അംഗങ്ങൾ, കൃഷി അനുബന്ധ വകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം വിളിച്ച ചേർത്ത് ഈ റിപ്പോർട്ട് അവതരിപ്പിക്കേണ്ടതാണ്. **ഇതിന്റെ മേൽനോട്ടം അതാത് ആത്മ പ്രോജക്ട് ഡയറക്ടർക്ക് ആയിരിക്കും.** ഇതിലേക്കായി ഒരു ജില്ലയ്ക്ക് 3,000/- രൂപ വകയിരുത്തിയിട്ടുണ്ട്.

**<u>സംസ്ഥാനതല പരിപാടി</u>**

ജില്ലാതല റിപ്പോർട്ടുകൾ ക്രോഡീകരിച്ച് സംസ്ഥാനതലത്തിൽ റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. സംസ്ഥാനതലത്തിൽ റിപ്പോർട്ട് ക്രോഡീകരിക്കുന്നതിനും അച്ചടിക്കുന്നതിനും യോഗങ്ങൾ സംഘടിപ്പിക്കുന്നതിനും മറ്റു ചിലവുകൾക്കുമായി 1.98 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. **ഫാം ഇൻഫർമേഷൻ ബ്യൂറോ, സമേതി, കൃഷി ഡയറക്ടറേറ്റ് എന്നിവയുടെ മേൽനോട്ടത്തിൽ സംസ്ഥാനതല പരിപാടി നടത്തുന്നതാണ്.** സംസ്ഥാന തലത്തിൽ കൃഷി അഡീഷണൽ ഡയറക്ടർ (എക്സ്റ്റൻഷൻ) പദ്ധതിയുടെ നിർവ്വഹണ ചുമതല വഹിക്കും .

**<u>പദ്ധതി അവലോകനം</u>**

പഞ്ചായത്തുതലത്തിലും ബ്ലോക്കുതലത്തിലും കർഷക സഭ ഞാറ്റുവേല ചന്തയുടെ നടത്തിപ്പിന്റെ നോഡൽ ഏജൻസി ആയി ATMA പ്രവർത്തിക്കുന്നതാണ്. ജില്ലാ തലത്തിൽ ഇതിന്റെ നിർവ്വഹണച്ചുമതല ആത്മ പ്രൊജക്റ്റ് ഡയറക്ടർക്ക് ആയിരിക്കും. ആത്മ പ്രൊജക്റ്റ് ഡയറക്ടർ കൺവീനർ ആയി 10 -15 പേർ അടങ്ങുന്ന ഒരു പാനൽ ജില്ലാ തലത്തിൽ രൂപീകരിക്കേണ്ടതാണ്. ഈ പാനലിന്റെ ജോയിന്റ് കൺവീനറായ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഇ & റ്റി) പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് എല്ലാ പിന്തുണയും നൽകി പദ്ധതി വിജയകരമായി പൂർത്തിയാക്കേണ്ടതാണ്. പാനലിൽ കൃഷി അനുബന്ധ മേഖലകളിലെ വിദഗ്ധരേയും DFAC-യിലെ കർഷക പ്രതിനിധികളെയുമുൾപ്പെടുത്തേണ്ടതാണ്.

കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഇ & റ്റി) മാസത്തിൽ രണ്ടു തവണ അസിസ്റ്റന്റ് ഡയറക്ടർമാരുടെ യോഗം നടത്തി പദ്ധതിയുടെ പുരോഗതി വിലയിരുത്തേണ്ടതാണ്. ആത്മ പ്രൊജക്റ്റ് ഡയറക്ടർ എല്ലാ മാസവും അഞ്ചാം തീയതിക്കുള്ളിൽ ഈ പദ്ധതിയുടെ പ്രതിമാസ പുരോഗതി റിപ്പോർട്ട് തയ്യാറാക്കി സ്റ്റേറ്റ് നോഡൽ സെല്ലിലേക്ക് (nodalatmakerala@gmail.com) അയക്കേണ്ടതാണ്. സംസ്ഥാനതലത്തിൽ ഈ പദ്ധതിയുടെ നടത്തിപ്പ് ചുമതല കൃഷി അഡിഷണൽ ഡയറക്ടർ (എക്സ്റ്റൻഷൻ) ന്ന ആയിരിക്കും..

കർഷകസഭകളും ഞാറ്റുവേല ചന്തകളും സംഘടിപ്പിക്കുന്നതിനു **50 ലക്ഷം രൂപ** 2022-23 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

I/33321/2022

| ക്രമ നം. | ഇനം | അനുവദിക്കുന്ന പരമാവധി തുക (രൂപ) | ആകെ തുക (ലക്ഷം രൂപ) |
|---|---|---|---|
| 1. | കൃഷിഭവൻ തലത്തിൽ 1076 എണ്ണം | 4000 | 43.04 |
| 2. | ബ്ലോക്കുതല റിപ്പോർട്ട് ക്രോഡീകരണം | 3000 | 4.56 |
| 3. | ജില്ലാതല റിപ്പോർട്ട് ക്രോഡീകരണം | 3000 | 0.42 |
| 4. | സംസ്ഥാനതലത്തിൽ റിപ്പോർട്ട് ക്രോഡീകരണത്തിനും പരിപാടി സംഘടിപ്പിക്കുന്നതിനും, മറ്റു ചിലവുകൾക്കും | LS | 1.98 |
| ആകെ | | | **50.00** |

2022-23 സാമ്പത്തിക വർഷം 'കാർഷിക വിജ്ഞാപനം ശക്തിപ്പെടുത്തൽ' എന്ന പദ്ധതിക്കായി 2401-00-109-80 (പ്ലാൻ) ശീർഷകത്തിൽ നിന്നും അനുവദിച്ചിട്ടുള്ള 50 ലക്ഷം രൂപയിൽ മുകളിൽ വിശദീകരിച്ച രീതിയിൽ മേല്പറഞ്ഞ ഘടകങ്ങൾക്ക് ഉപയോഗിക്കേണ്ടതാണ്.

-ഒപ്പ്-

**SUBHASH T.V. IAS**
**DIRECTOR**

To
(1) എല്ലാ ആത്മ പ്രോജക്ട് ഡയറക്ടർമാർ
(2) എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ

പകർപ്പ്
(1) കൃഷി ഡയറക്ടറുടെ റ്റി എ
(2) എല്ലാ കൃഷി അഡിഷണൽ ഡയറക്ടർമാരുടെയും സി എ
(5) എല്ലാ കൃഷി ജോയിന്റ് ഡയറക്ടർമാരുടെയും സി എ
(6) ഡയറക്ടർ, സമേതി
(7) പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം
(8) പ്ലാനിംഗ് സെക്ഷൻ
(9) കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഐ. റ്റി. സെൽ) വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

Additional Director of Agriculture (Extension)
Directorate of Agriculture
Thiruvananthapuram-33

I/33321/2022

ANNEXURE -1

## KARSHAKA SABHA &NJATTUVALA CHANDA
## DISTRICT WISE PHYSICAL AND FINANCIAL TARGETS

(Amount in Lakh)

| Name of District | Number of Blocks | Number of Krishi Bhavan | Amount for Krishi Bhavan@ Rs. 4000/- | Amount for Block level report consolidation @ Rs. 3000/- | Amount for district level report consolidation @Rs. 3000/- | Total amount to be allotted |
|---|---|---|---|---|---|---|
| TVM | 11 | 89 | 3.56 | 0.33 | 0.03 | 3.92 |
| KLM | 11 | 78 | 3.12 | 0.33 | 0.03 | 3.48 |
| PTA | 8 | 57 | 2.28 | 0.24 | 0.03 | 2.55 |
| ALP | 12 | 78 | 3.12 | 0.36 | 0.03 | 3.51 |
| KTM | 11 | 79 | 3.16 | 0.33 | 0.03 | 3.52 |
| IDK | 8 | 54 | 2.16 | 0.24 | 0.03 | 2.43 |
| EKM | 14 | 97 | 3.88 | 0.42 | 0.03 | 4.33 |
| TSR | 16 | 105 | 4.2 | 0.48 | 0.03 | 4.71 |
| PKD | 13 | 94 | 3.76 | 0.39 | 0.03 | 4.18 |
| MPM | 15 | 108 | 4.32 | 0.45 | 0.03 | 4.8 |
| KKD | 12 | 81 | 3.24 | 0.36 | 0.03 | 3.63 |
| WYD | 4 | 26 | 1.04 | 0.12 | 0.03 | 1.19 |
| KNR | 11 | 89 | 3.56 | 0.33 | 0.03 | 3.92 |
| KSGD | 6 | 41 | 1.64 | 0.18 | 0.03 | 1.85 |
| HQ | | | | | | 1.92 |
| Total | 152 | 1076 | **43.04** | **4.56** | **0.42** | **50.00** |

-Sd-

**SUBHASH T.V. IAS**

**DIRECTOR**

Additional Director of Agriculture (Extension)
Directorate of Agriculture
Thiruvananthapuram-33